**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ മെയിന്റനൻസ്, റോഡ്സ് വിഭാഗങ്ങൾ തമ്മിലുള്ള തർക്കമാണ് പ്രീ മൺസൂൺ അറ്റകുറ്റപ്പണികൾ വൈകാനുള്ള കാരണം എന്ന ആക്ഷേപം വസ്തുതാപരമാണോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ റോഡ് മെയിന്റനൻസ്, റോഡ്സ് വിഭാഗങ്ങൾ തമ്മിൽ ഒരു തർക്കവും ഇല്ല. |
| (ബി) | എങ്കിൽ ഇക്കാരണത്താൽ റോഡുകളിൽ മഴക്കാലത്തിന് മുമ്പ് അറ്റകുറ്റപ്പണികൾ നടത്താനുള്ള ടെൻഡർ നടപടികൾ വൈകിയിരുന്നോ; വിശദാംശം നൽകാമോ; | (ബി) | റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്താനുള്ള ടെണ്ടർ നടപടികൾ വൈകിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ റോഡുകളിലെ കുഴികൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | കേരളത്തിലെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിൽ പോട്ട്ഹോൾ ഫ്രീ ആയി ഘട്ടംഘട്ടമായി മാറ്റുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ ഈ സർക്കാർ നടപ്പാക്കി തുടങ്ങി.<br><br>**റണ്ണിംഗ് കോൺട്രാക്ട്**<br><br>റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നത് പരിപാലനം ഉറപ്പുവരുത്താനുള്ള പ്രധാന ചുവടുവെപ്പാണ്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളുടെ പരിപാലനം ഉറപ്പുവരുത്താൻ കരാറുകാരെ ചുമതലപ്പെടുത്തുന്നതാണ് പദ്ധതി. റോഡുകളിൽ കുഴികളും മറ്റും ഉണ്ടായാൽ അത് വേഗത്തിൽ പരിഹരിക്കുന്നതിന് സഹായകരമാണ് റണ്ണിംഗ് കോൺട്രാക്ട് പദ്ധതി. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ ഒഴിവാക്കാൻ ഇതിലൂടെ സാധിക്കും. റണ്ണിംഗ് കോൺട്രാക്ട് 1, 2 ക്ലസ്റ്ററുകളിലായി 12,332 കിലോമീറ്റർ റോഡിന്റെ പരിപാലനം ഈ വർഷം സാധ്യമാക്കി. 301 കോടി |

രൂപയാണ് റണ്ണിംഗ് കോൺട്രാക്ടിനായി ചെലവഴിക്കുന്നത് .

റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത 9210 കി മീ റോഡുകളിൽ കുഴി അടയ്ക്കുന്നതിനായി മഴക്കാല റോഡ് പരിപാലന പദ്ധതിയും നടപ്പാക്കുന്നു. 12.75 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

**<u>ഒ പി ബി ആർ സി</u>**

കോർ റോഡ് നെറ്റ് വർക്കിൽ ഉൾപ്പെട്ട പ്രധാന റോഡുകളിൽ ഏഴുവർഷം പരിപാലനം ഉറപ്പാക്കുന്നതിനുള്ള ഒ പി ബി ആർ സി പദ്ധതി നടപ്പാക്കുന്നുണ്ട്. നിലവിൽ 283.81 കി മീ റോഡുകളിലാണ് ഒ പി ബി ആർ സി നടപ്പിലാക്കുന്നത് .

**<u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ</u>**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ ആർ എഫ് ബി - പി എം യു വിനു കീഴിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ട റോഡുകളിൽ അറ്റകുറ്റ പ്പണികൾക്കുമായി 50 കോടി രൂപ ചെലവഴിക്കുന്നുണ്ട്. കിഫ്ബിയുമായി മന്ത്രിതലത്തിൽ നടത്തിയ ചർച്ചകളെ തുടർന്നാണ് കിഫ്ബി അറ്റകുറ്റപണികൾക്ക് തുക വകയിരുത്തിയത്.

**<u>ടാസ്ക് ഫോഴ്സ്</u>**

കനത്ത മഴ വരുമ്പോൾ വെള്ളം റോഡുകളിലേയ്ക്ക് ഇരച്ച് എത്തുകയും റോഡ് തകരാറിലാവുകയും ചെയ്യുമ്പോൾ താൽക്കാലികമായെങ്കിലും പരിഹാരം കാണാൻ പ്രത്യേക ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനവും ഫലപ്രദമായി മുന്നോട്ടു പോകുന്നു

**<u>കെ ആർ എഫ് ബി നഗരറോഡുകൾ</u>**

കെ ആർ എഫ് ബി അധീനതയിൽ വരുന്ന റോഡുകളിൽ വിവിധ നഗരപാത വികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ റോഡുകളുടെ പരിപാലന ചുമതല ബന്ധപ്പെട്ട കൺസഷണറിൽ നിക്ഷിപ്തമാണ്. ഇത് നിർവ്വഹിക്കുന്നു എന്നും ഉറപ്പാക്കുന്നുണ്ട്.

**<u>വാട്ടർ അതോറിറ്റി പ്രവൃത്തിയുള്ള റോഡുകൾ</u>**

വിവിധ കുടിവെള്ള പദ്ധതികൾക്കായി കൈമാറിയ റോഡുകളിൽ ആവശ്യമായ അറ്റകുറ്റപ്പണി നടത്താൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**DLP ബോർഡുകൾ**

പരിപാലനകാലാവധിയിലുള്ള റോഡുകളിൽ DLP വിവരങ്ങൾ പരസ്യപ്പെടുത്താനുള്ള തീരുമാനവും റോഡുകളിലെ പരിപാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു. ബന്ധപ്പെട്ട കരാറുകാരുടെ നമ്പറും ഉദ്യോഗസ്ഥരുടെ നമ്പറും പരിപാലന കാലാവധിയും പരസ്യപ്പെടുത്തി ബോർഡുകൾ സ്ഥാപിച്ചു. ഈ റോഡുകളിൽ ചെറിയ കുഴി ഉണ്ടായാൽ അടക്കം ജനങ്ങൾക്ക് കരാറുകാരനേയോ ഉദ്യോഗസ്ഥരെയോ വിളിച്ച് നികത്താൻ ആവശ്യപ്പെടാനാകും. DLP ബോർഡുകൾ സ്ഥാപിച്ചത് ഗുണകരമായെന്നാണ് വിലയിരുത്തൽ. സംസ്ഥാനത്ത് റണ്ണിംഗ് കോൺട്രാക്ട് പരിധിയിലെ റോഡുകളിലും സമാനമായ രീതിയിൽ ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റോഡുകളിൽ കുഴികൾ നികത്താനുള്ള ജാഗ്രതയോടെ ഈ പ്രവർത്തനങ്ങൾ തുടരുകയാണ്. എന്നാൽ കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കാലവർഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ റോഡുകളെ കൂടി ബാധിക്കുകയാണ്. മഴ കനത്ത് പെയ്യുമ്പോൾ ചില റോഡുകളിൽ കുഴികൾ രൂപപ്പെട്ട് വരുന്നുണ്ട്. ഇതും നികത്തുന്നതിനുള്ള പ്രവർത്തനം നടത്തുന്നു.

**ബി എം - ബി സി നിർമ്മാണം**

റോഡുകൾ ബി എം - ബി സി നിലവാരത്തിലേയ്ക്ക് ഉയർത്തി നിലവാരം വർധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിൽ 2100 കി മീ റോഡുകൾ ബി എം - ബി സി പ്രവർത്തി നടക്കുന്നുണ്ട്. കൂടുതൽ റോഡുകളെ ബി എം - ബി സി നിലവാരത്തിലേയ്ക്ക് ഉയർത്താൻ പ്രത്യേക പദ്ധതി തന്നെ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ